**<u>വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**
**(ഹാജർ: പ്രിയങ്ക ജി. IAS)**

**തിരുവനന്തപുരം**
**ഉത്തരവ് നം: DWCD/120/2022-E3(1)** **തീയതി: 10/05/2022**

---

വിഷയം :- വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ, തസ്തികയിലെ ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. വിവിധ കാര്യാലയ മേധാവികൾ സമർപ്പിച്ച അപേക്ഷകൾ

2. ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും, പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും.

വകുപ്പിനു കീഴിൽ വിവിധ കാര്യാലയങ്ങളിൽ സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ സേവനം റഗുലറൈസ് ചെയ്യണമെന്ന് പരാമർശം (1) പ്രകാരം കാര്യാലയ മേധാവികൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ജീവനക്കാർ സർക്കാർ സർവ്വീസിന് അനുയോജ്യരാണെന്നും, സേവനം റഗുലറൈസ് ചെയ്യാവുന്നതാണെന്നുള്ള വിവിധ പോലീസ് മേധാവികളുടെ റിപ്പോർട്ടും , പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും, പരാമർശം (2) പ്രകാരം ലഭ്യമായിട്ടുണ്ട്. ജീവനക്കാരുടെ നിയമന രേഖകൾ പരിശോധിക്കുകയും, ആയത് ശരിയാണെന്ന് ബോധ്യപ്പെടുകയുമുണ്ടായി.

ഈ സാഹചര്യത്തിൽ പരാമർശം(2) പ്രാകാരമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ചുവടെ പേര് പരാമർശിക്കുന്ന ജീവനക്കാരുടെ സർവ്വീസ് അവരുടെ പേരിന് നേരെ നാലാം കോളത്തിൽ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നം | പേര്, തസ്തിക, കാര്യാലയം | സർവ്വീസിൽ പ്രവേശിച്ച തീയതി | സേവനം റഗുലറൈസ് ചെയ്യപ്പെട്ട തീയതി |
|---|---|---|---|
| 1. | ശ്രീമതി അബിനിത എം.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>കൊണ്ടോട്ടി അഡീഷണൽ | 01/08/2016 FN | 01/08/2016 FN |
| 2. | ശ്രീമതി ആര്യ ഗോപിനാഥ് ജി. എം.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>ഭരണിക്കാവ് | 30/06/2021 FN | 30/06/2021 FN |
| 3. | ശ്രീമതി സഫീദ എൻ.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>മഞ്ചേശ്വരം | 10/11/2021 FN | 10/11/2021 FN |

| | | |
|---|---|---|
| 4. ശ്രീമതി നജ്മ ചൊക്ലി<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>മഞ്ചേശ്വരം | 08/11/2021 FN | 08/11/2021 FN |
| 5. ശ്രീമതി അസ്റ നസ്രീൻ വി.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>കാഞ്ഞങ്ങാട്<br>അഡീഷണൽ | 08/11/2021 FN | 08/11/2021 FN |
| 6. ശ്രീമതി ശ്രുതി കെ. വി.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>മാനന്തവാടി അഡീഷണൽ | 13/07/2021 FN | 13/07/2021 FN |

ജീവനക്കാർ സർവ്വീസ് റഗുലറൈസ് ചെയ്യപ്പെട്ട തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും. ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്തത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ടിയാളുകളുടെ സേവനപുസ്തകത്തിൽ ബന്ധപ്പെട്ട കാര്യാലയ മേധാവി വരുത്തേണ്ടതാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(കാര്യാലയ മേധാവി മുഖേന)

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയ മേധാവിക്ക്
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
Suracf
സൂപ്രണ്ട്